# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.204

### 06-12-2018 ൽ മറുപടിക്ക്

**കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി**

| ചോദ്യം<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. പി.വി. അൻവർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആസ്തി വികസനത്തിലൂടെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തി രാജ്യത്തെ മുൻനിര സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്തു കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്താറായിട്ടുണ്ടോ; വിശദാംശം നൽകാമോ; | 50,000 കോടി രൂപയോളം അടിസ്ഥാന സൗകര്യ മേഖലയിൽ നിക്ഷേപം നടത്തുക എന്ന ഉദ്ദേശത്തോടെ 2016 -17 ബജറ്റ് മുതലാണ് കിഫ്ബി വഴി പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടു വന്നത്. ബജറ്റ് വഴിയോ മന്ത്രിസഭാ യോഗ തീരുമാനം വഴിയോ കിഫബിയിലേക്ക് സമർപ്പിക്കപ്പെട്ട പദ്ധതികളിൽ 39,707.73 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. ഇവയുടെ പുരോഗതി വിലയിരുത്തുന്നതിലേക്കായി പദ്ധതിയുമായി ബന്ധപ്പെട്ട വകുപ്പുകളുമായും പദ്ധതി നിർവ്വഹണ ഏജൻസികളുമായും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ കിഫ്ബി നടത്തി വരുന്നു. ഈ പദ്ധതികളുടെ മൊത്തം പുരോഗതി സൂചിപ്പിക്കുന്ന ഒരു പട്ടിക ചുവടെ ചേർക്കുന്നു. |

| ക്രമ നം. | കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി. | |
|---|---|---|
| 1 | സമർപ്പിക്കപ്പെട്ട പദ്ധതികൾ | 610 |
| 2 | അംഗീകരിച്ച പദ്ധതികൾ | 466 |
| 3 | മൊത്തം പദ്ധതി അടങ്കൽ | 47,878.77 കോടി |
| 4 | അംഗീകരിച്ച പദ്ധതി തുക | 39,707.73 കോടി |
| 5 | ടെൻഡർ ചെയ്ത പദ്ധതികൾ | 228 |
| 6 | ടെൻഡർ ചെയ്ത തുക | 8,188 കോടി |
| 7 | അവാർഡ് ചെയ്ത പദ്ധതികൾ | 179 |
| 8 | അവാർഡ് ചെയ്ത തുക | 6,007 കോടി |
| 9 | പദ്ധതികൾക്കായി ചെലവഴിച്ച തുക | 993.81 കോടി |

| | |
|---|---|
| (ബി) ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ധന മാനേജ്മെന്റ് തൃപ്തികരമാണെന്ന് വിലയിരുത്തി ആഗോള റേറ്റിംഗ് സ്ഥാപനങ്ങൾ നൽകിയ മികച്ച റേറ്റിംഗ്, വിദേശ മാർക്കറ്റിൽ നിന്ന് ബോണ്ട് വഴി നിക്ഷേപസമാഹരണം സാധ്യമാക്കിയിരിക്കുന്ന പശ്ചാത്തലത്തിൽ ആയതിനായി നടത്തി വരുന്ന ശ്രമങ്ങൾ അറിയിക്കാമോ; ഇക്കാര്യത്തിൽ റിസർവ് ബാങ്കിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; | മസാല ബോണ്ടുകൾ വഴി അന്താരാഷ്ട്ര വിപണിയിൽ കടപ്പത്രങ്ങൾ പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായാണ് എസ് ആൻറ് പി ഗ്ലോബൽ റേറ്റിംഗ്, ഫിച്ച് റേറ്റിംഗ് എന്നീ അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിങ് ഏജൻസികൾ വഴിയുള്ള റേറ്റിങ് നടത്തുവാൻ കിഫ്ബി നടപടികൾ സ്വീകരിച്ചത്. ഈ രണ്ട് ഏജൻസികളും കിഫ്ബിയ്ക്കും കേരള സംസ്ഥാനത്തിനും സ്ഥിരതയാർന്ന 'ഡബിൾ ബി' റേറ്റിങ്ങാണ് (Long term Foreign Currency rating of BB with Stable Outlook) നൽകിയിരിക്കുന്നത്. നാളിതുവരെ ഇന്ത്യയിലെ ഏതെങ്കിലും ഒരു സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളതിൽ ഏറ്റവും ഉയർന്ന റേറ്റിങ്ങാണിത് എന്നുള്ളത് സാമൂഹ്യവികസന സൂചികകളിലെന്നപോലെ സാമ്പത്തിക കാര്യത്തിലും മാക്രോ ഇക്കണോമിക്ക് സൂചികകളിലും രാജ്യത്ത് നമ്മുടെ സംസ്ഥാനത്തിനുള്ള മികച്ച സ്ഥാനം അടിവരയിടുന്നു. കേരള സംസ്ഥാനം നേരിട്ട പ്രളയക്കെടുതികളും അതോട് അനുബന്ധിച്ച് ധനസ്ഥിതിയിൽ ഉണ്ടാകാവുന്ന ദീർഘകാല പ്രത്യാഘാതങ്ങളും വിലയിരുത്തിയ ശേഷമാണ് മികച്ച റേറ്റിങ് നൽകിയിരിക്കുന്നത് എന്നത് കേരളത്തിന്റെ സുശക്തമായ സമ്പത്ത് ഘടനയുടെയും കിഫ്ബിയുടെ ഭദ്രമായ തിരിച്ചടവ് ശേഷിയുടെയും തെളിവാണ്. മസാല ബോണ്ടുകൾ വഴി പണംകണ്ടെത്തുന്നതിനുള്ള നടപടി ക്രമങ്ങൾനടന്നുവരുന്നു. ഈ രീതിയിൽ ആഗോള നിക്ഷേപകരിൽ നിന്നും ഒന്നോ അതിലധികമോ തവണകളായി 5000 കോടി രൂപയോളം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു. 2672.80 കോടി രൂപയുടെ മസാല ബോണ്ടുകൾ പുറപ്പെടുവിക്കാനുള്ള അനുമതി റിസർവ്വ് ബാങ്കിൽ നിന്നും ഇതിനകം ലഭിച്ചിട്ടുണ്ട്. റിസർവ്വ് ബാങ്കിൽ നിന്നും ലഭ്യമായ രേഖയുടെ പകർപ്പ് അനുബന്ധമായി ലഭ്യമാക്കുന്നു. |
| (സി) രൂപയുടെ മൂല്യത്തകർച്ച നിക്ഷേപ സമാഹരണം ചെലവേറിയതും സന്ദിഗ്ധാവസ്ഥയിലും ആക്കിത്തീർത്തിട്ടുണ്ടോ; | രൂപയുടെ മൂല്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്ന സാഹചര്യത്തിൽ നിക്ഷേപകരിൽ കാര്യമായ ആശങ്കകൾ ഉണ്ടായാതായി കാണുന്നില്ല. കിഫ്ബിയെ സംബന്ധിച്ച് അതാത് സാഹചര്യങ്ങളിൽ ഉചിതമെന്ന് കരുതുന്ന ധനസമാഹാരണ രീതി അവലംബിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) വിവിധ പ്രവൃത്തികളുടെ നിർവ്വഹണം കാര്യക്ഷമമായി പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ അവയ്ക്കുള്ള പണം | ഇന്നത്തെ സ്ഥിതിയിൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക കിഫ്ബിയുടെ കൈവശം ഉണ്ട്. എന്നാൽ 2019 വർഷം പകുതിയോടെ പദ്ധതി നിർവ്വഹണത്തിന്റെ വേഗതയിലും ഇതേതുടർന്ന് കിഫ്ബിയിലേക്ക് സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധന |

| | |
|---|---|
| നൽകുന്നതിന് അടിയന്തരമായി ഫണ്ട് കണ്ടെത്തേണ്ടതുണ്ടോ; എങ്കിൽ അതിന് അവലംബിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | പ്രതീക്ഷിക്കുന്നു. കിഫ് ആക്ട് അനുവദിക്കുന്ന രീതിയിലുള്ള എല്ലാ മാർഗ്ഗങ്ങളും ഉചിതമായി പ്രയോജനപ്പെടുത്തി ഇതിലേക്കായുള്ള ധന സമാഹരണം നടത്തുവാനാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം നബാർഡിൽ നിന്നും 565 കോടി രൂപയുടെ ടേം ലോൺ അനുവദിച്ച് കിട്ടിയിട്ടുണ്ട്. കൂടാതെ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് പ്രത്യേക കിഫ്ബി ബോണ്ടുകൾ പുറപ്പെടുവിക്കുന്നത് 2018 നവംബർ മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകളിൽ നിന്ന് ടേം ലോണുകൾ ലഭ്യമാക്കുന്നതിനും മസാല ബോണ്ടുകൾ വഴി അന്താരാഷ്ട്ര വിപണിയിൽ നിന്നും ധന സമാഹരണം നടത്തുന്നതിനുമുള്ള നടപടിക്രമങ്ങളും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

भारतीय रिज़र्व बैंक

RESERVE BANK OF INDIA

www.rbi.org.in

CO.FED.ECBD 9931/03.02.117/2017-18

June 1, 2018

The Officer-in-charge
The Axis Bank
Trade Finance Centre
5th floor, Ginaplex, Plot No. IT 5, MIDC
Airoli Knowledge Park
Navi Mumbai – 400 708

Dear Sir

**M/s Kerala Infrastructure Investment Fund Board (KIIFB)**
**Rupee Denominated Bonds (RDB) INR 2,672.80 Crores – (Approx. USD 400 Million)**

Please refer to your letter dated May 22, 2018, on the captioned subject.

2. After taking into account the submissions made by you vide the aforesaid letter, we advise that we have no objection under the Foreign Exchange Management Act, 1999 for the captioned company to issue the Rupee Denominated Bonds (RDB) for INR 2,672.80 Crore (approx. USD 400 million) under the extant RDB framework - Issuance of Rupee denominated bonds overseas.

3. In this connection, we advise you to approach the Director, Reserve Bank of India, Department of Statistics and Information Management, Balance of Payments Statistics Division, C-9/8, Bandra- Kurla Complex, Bandra (East), Mumbai – 400 051 with duly filled Form-83 for obtaining Loan Registration Number.

4. This communication is issued from the foreign exchange angle under the provisions of FEMA and should not be construed to convey the approval by any other statutory authority or Government under any other laws / regulations. Nothing in the approval should be construed as approval from the credit angle and of the financials or any other aspect of the company. If further approval or permission is required from any other regulatory authority or Government under the relevant laws / regulations, the applicant should take the approval of the concerned agency before effecting the concerned transaction. Further, it should not be construed as regularizing or validating any irregularities, contravention or other lapses, if any, under the provisions of any other laws / regulations.

Yours faithfully

(Manjiri Panchakshari)
Manager

विदेशी मुद्रा विभाग, केंद्रीय कार्यालय, 11वीं मंजिल, केंद्रीय कार्यालय भवन, शहीद भगत सिंह मार्ग, फोर्ट मुंबई - 400 001
Telephone: (91-22) 22601000; Fax: (91-22) 22610623
Foreign Exchange Department, Central Office, 11th Floor, Central Office Building, Shahid Bhagat Singh Road, Fort, Mumbai – 400 001

चेतावनी : भारतीय रिज़र्व बैंक द्वारा ई-मेल, डाक, एसएमएस या फोन-कॉल के जरिए किसी की भी व्यक्तिगत जानकारी जैसे बैंक के खाते का ब्यौरा, पासवर्ड आदि नहीं माँगी जाती है। यह धन रखने या देने का प्रस्ताव भी नहीं करता है। ऐसे प्रस्तावों का किसी भी तरीके से जवाब मत दीजिए।
Caution: RBI never sends mails, SMSs or makes calls asking for personal information like banks account details, passwords, etc. It never keeps or offers funds to anyone. Please do not respond in any manner to such offers.

हिंदी आसान है, इसका प्रयोग बढ़ाइए